**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1275** **01-02-2024 - ൽ മറുപടിയ്ക്ക്**

**ചന്ദ്രനഗർ കോളനി അനുബന്ധ റോഡുകളും പാലവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡ്സ് വിഭാഗം നിർമ്മാണച്ചുമതല നിർവഹിക്കുന്ന, മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രനഗർ കോളനി അനുബന്ധ റോഡുകളും പാലവും എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | ചന്ദ്രനഗർ കോളനി അനുബന്ധ റോഡുകളും പാലവും എന്ന പ്രവൃത്തിക്കായി GO(Rt) NO.381/2020/PWD തീയതി 31/03/2020 പ്രകാരം 600 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും, പിന്നീട് രണ്ട് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (റോഡ്സ്) കാര്യാലയത്തിൽ നിന്നും 17/03/2023 ന് 4,40,000/- രൂപക്ക് ഭാഗിക സാങ്കേതിക അനുമതി നൽകുകയും ചെയ്തു. ആയതുപ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തി ലഭിച്ച DPR, ഡിസൈൻ ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിംഗിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് മാത്രം ഭാഗിക സാങ്കേതിക അനുമതി (പാർട്ട് ടി.എസ്.) ലഭ്യമാക്കി ഉടൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | പ്രസ്തുത റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് മാത്രമായി ഭാഗിക സാങ്കേതിക അനുമതി ലഭിക്കുന്നതിന് 1.93 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 6 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിക്ക് നിലവിലുള്ള നിയമപ്രകാരം പ്രീ ക്വാളിഫിക്കേഷൻ ചെയ്ത് two cover system പ്രകാരം ടെണ്ടർ ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പാലം പ്രവൃത്തി ഒഴിവാക്കി 1.93 കോടി രൂപയുടെ ഭാഗിക സാങ്കേതികാനുമതി നൽകി സാധാരണ രീതിയിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയാൽ ആയത് നിലവിലുള്ള ഉത്തരവിന്റെ ലംഘനം ആയതിനാൽ മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി (പാലങ്ങളും, റോഡുകളും ഉൾപ്പെടെ) പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്ന ഘട്ടത്തിലാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ? | (സി) | പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി ഇപ്പോൾ ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ഡിസൈൻ) വിഭാഗത്തിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ